

## റൂമി കഥകൾ –6

# അറിവും സ്വാർത്ഥതയും



ഒരു സ്വാതികനായ പണ്ഡിതൻ ഒരിക്കൽ നാട്ടിൽ മുഖ്യന്യായാധിപനായി നിയമിക്കപ്പെട്ടു. അതറിഞ്ഞ് അദ്ദേഹം വാവിട്ടു നിലവിളിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ കീഴിൽ നിയമിതനായ ഉപ ന്യായാധിപൻ ചോദിച്ചു: “അതിരറ്റു സന്തോഷിക്കേണ്ട ഈ അനുഗ്രഹീത മുഹൂർത്തത്തിൽ താങ്കളിങ്ങനെ വിലപിക്കുന്നതെന്തിന്?”

അദ്ദേഹം പറഞ്ഞു: “എന്റെ മേൽ അതിഗുരുതരമായ ഒരുത്തരവാദിത്വം വന്നു വീണിരിക്കുകയാണ്. തങ്ങൾക്കിടയിലുള്ള യഥാർഥ പ്രശ്നം നല്ലവമണ്ണമറിയുന്ന രണ്ട് പേർക്കിടയിൽ അതെ പറ്റി അറിഞ്ഞു കൂടാത്ത ഞാനെങ്ങനെ വിധി പറയും? കക്ഷികളുടെ അവസ്ഥ അറിയാത്ത പാവം ന്യായാധിപൻ അവരുടെ ജീവിതത്തിന്റെയും ധനത്തിന്റെയും കാര്യങ്ങൾ വിധിക്കുന്നതെങ്ങനെ? ഈ ഉത്തരവാദിത്വ ഭാരം താങ്ങാനുള്ള വിഷമം കൊണ്ടാണ് ഞാൻ കരയുന്നത്.”

ഉപന്യായാധിപൻ ആശ്വസിപ്പിച്ചു:

“രണ്ട് കക്ഷികൾക്കും കേസിന്റെ യാഥാർഥ്യമറിയാം. പക്ഷേ, ഇരുകൂട്ടരും സ്വാർത്ഥ താൽപര്യങ്ങൾക്കടിപ്പെട്ടിരിക്കുന്നു. താങ്കൾ സംഭവത്തിന്റെ യാഥാർഥ്യം അറിയുന്നില്ല. പക്ഷേ, താങ്കളുടെ മനസ്സ് സ്വാർത്ഥതയിൽ നിന്നും ആസക്തിയിൽ നിന്നും മുക്തമാകുന്നു. യാഥാർഥ്യമറിയുന്നവരെ സ്വാർത്ഥത അന്ധരാക്കുകയാൽ അവരുടെ അറിവ് മണ്ണടിഞ്ഞിരിക്കുന്നു.

സ്വാർത്ഥമുക്തി മൂഢനെപ്പോലും വിദ്വാനാക്കുന്നു. സ്വാർത്ഥതയോ അറിവിനെ ആട്ടിയകറ്റുന്നു.”

സമ്പാ:
**ആദിൽ മുഹമ്മദ്**

▶▶ ഓക്സിജൻ സിലിണ്ടർ ഇല്ലാതെ എവറസ്റ്റ് കീഴടക്കിയ ഇന്ത്യക്കാരൻ- ഫുദോർജി.